പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## വിരമിച്ച ഉദ്യോഗസ്ഥന് അനുവദിച്ച പെൻഷൻ ആനുകൂല്യങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5087. 27/6/2019-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | 31-05-2019-ൽ തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ടായി വിരമിച്ച ഡി.അശോകന് പെൻഷൻ, ഗ്രാറ്റുവിറ്റി, സറണ്ടർ എന്നിവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ടിയാൻ നിലവിലുള്ള വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റും അനുവദിക്കാൻ നിർവ്വാഹമുള്ളൂ. ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥൻ എസ്.എച്ച്.ഒ.യായി ജോലി ചെയ്ത കാലയളവിൽ എ.ജി നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ വീഴ്ചകളും സാമ്പത്തിക ക്രമക്കേടും പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത ഉദ്യോഗസ്ഥൻ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ.യായി ജോലി നോക്കിയ 1998 കാലയളവിൽ യാതൊരു വീഴ്ചകളോ സാമ്പത്തിക ക്രമക്കേടുകളോ ഉള്ളതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. എന്നാൽ ടിയാൻ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സി.ഐ. ആയി ജോലി നോക്കിയ 2009 കാലയളവിൽ G.O (Rt) No. 1616/2011/Home dated 30.5.2011 പ്രകാരം എ.ജി.യുടെ ഓഡിറ്റ് റിമാർക്സിൽ 4000/- രൂപ ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൻ self |

| | | | |
|---|---|---|---|
| | | | drawing ഓഫീസർ ആയിരുന്നതിനാൽ ടിയാന്റെ ശമ്പളം മാറിയിരുന്ന ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ടി തുക റിക്കവറി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | 2010 മുതൽ വിരമിക്കുന്നതു വരെ പ്രസ്തുത ഉദ്യോഗസ്ഥൻ യാത്രാബത്തയായി എത്ര രൂപയാണ് കൈപ്പറ്റിയിട്ടുള്ളത് എന്ന് വിശദാംശം സഹിതം ലഭ്യമാക്കാമോ; | (സി) | 01.01.2010 മുതൽ 28/11/2014 വരെ തിരുവനന്തപുരം സിറ്റിയിൽ സി.ഐ. ആയി ജോലി നോക്കിയിരുന്ന കാലയളവിൽ യാത്രാബത്തയായി ടിയാൻ തുകയൊന്നും കൈപ്പറ്റിയിട്ടില്ല.<br>എസ്.ബി.സി.ഐ.ഡി യൂണിറ്റിൽ ജോലി നോക്കിയിരുന്ന 28/11/2014 മുതൽ 29/05/2017 വരെയുള്ള കാലയളവിൽ ടി ഓഫീസിൽ നിന്നും 2,475/- രൂപ യാത്രാബത്തയായി കൈപ്പറ്റിയിട്ടുണ്ട്.<br>തിരുവനന്തപുരം റൂറൽ ജില്ലയിൽ ഡി.വൈ.എസ്.പി.യായി 5/2017 മുതൽ 31/5/2019 വരെ ജോലി നോക്കിയിരുന്ന കാലയളവിൽ യാത്രാബത്തയായി 11/2017-ൽ 9,575/- രൂപയും, 12/2017-ൽ 5,275/- രൂപയും ഉൾപ്പെടെ ആകെ 14,850/- രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥൻ വിരമിക്കുമ്പോൾ നൽകിയ ഔദ്യോഗിക മേൽവിലാസം വെളിപ്പെടുത്താമോ? | (ഡി) | വസന്ത വിലാസം, ഊളംപാറ, പേരൂർക്കട പി.ഒ, തിരുവനന്തപുരം. |

സെക്ഷൻ ഓഫീസർ